LIBRARY ARCHIVES Kerala Legislative Assembly

കോളേജുകളിലെ നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനം

27 (*567) ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജുകളിലെ നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എത്ര കുട്ടികൾ പദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട് ;

(സി) എൻ. എസ്.എസ്. നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ഡി) സാക്ഷരതാ പ്രവർത്തനത്തിനായി എൻ.എസ്.എസ്. പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഇ) നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് അംഗങ്ങൾക്ക് കൂടുതൽ അവസരങ്ങൾ നൽകുമോ ;

(എഫ്) മദ്യത്തിനും മയക്ക് മരുന്നിനും എതിരെയുള്ള ബോധവൽക്കരണ പരിപാടികൾ എൻ.എസ്.എസ്.-ന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) ഉണ്ട്.

(ബി) 168000 കുട്ടികൾ പദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(സി) ക്ളാസ് മുറികളിൽ നിന്ന് ലഭിക്കുന്ന അറിവിനുപരി മനുഷ്യരുടെ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങളിലേക്ക് വിദ്യാർത്ഥികളുടെ ശ്രദ്ധ തിരിച്ചു വിടുന്നതിന് നാഷണൽ സർവ്വീസ് സ്കീം പ്രവർത്തനങ്ങൾ സഹായിക്കുന്നു. തൊഴിലിന്റെ മഹത്വം വിദ്യാർത്ഥികളെ മനസ്സിലാക്കിക്കുന്നതിനും അവരിൽ സാമൂഹിക പ്രതിബദ്ധത, സേവന സന്നദ്ധത, അർപ്പണ മനോഭാവം, അച്ചടക്കം തുടങ്ങിയ മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിനും എൻ.എസ്.എസ്. പ്രവർത്തനങ്ങൾ സഹായിക്കുന്നു. തനിച്ചോ സംഘമായോ കോളേജ് ക്യാമ്പസ്സിലോ സമൂഹത്തിലോ പ്രോഗ്രാം ഓഫീസറുടെ നിർദ്ദേശത്തിലും നേതൃത്വത്തിലും ചെയ്യാവുന്ന എല്ലാ സേവന പ്രവർത്തനവും നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനങ്ങളാണ്. എൻ.എസ്.എസ്. പ്രവർത്തനങ്ങളെ പൊതുവായി റഗുലർ പ്രോഗ്രാം, ഏഴു ദിവസത്തെ പ്രത്യേക സഹവാസ ക്യാമ്പ് എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പരിസ്ഥിതി

ബോധവൽക്കരണ പ്രവർത്തനങ്ങൾ, ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, കാർഷിക പ്രവർത്തനങ്ങൾ, സാംസ്ക്കാരിക പരിപാടികൾ, പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കാവുന്ന നിർമ്മാണ പദ്ധതികൾ, ദേശീയ ദിനാഘോഷങ്ങൾ ആചരിക്കുക തുടങ്ങിയവയാണ് എൻ.എസ്.എസ്.-ന്റെ പ്രധാന പ്രവർത്തനങ്ങൾ.

(ഡി) ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ഇ) നൽകുന്നുണ്ട്.

(എഫ്) മദ്യത്തിനും മയക്കുമരുന്നിനും എതിരെ നിരവധി ബോധവൽക്കരണ പരിപാടികൾ കലാലയങ്ങളിലും പൊതുസ്ഥലങ്ങളിലും എൻ.എസ്.എസ്.-ന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്.

ചലച്ചിത്ര അക്കാഡമിയുടെ പ്രവർത്തനങ്ങൾ

28 (*568) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സാജു പോൾ :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) അക്കാഡമിയുടെ പഠന-ഗവേഷണ സംരംഭങ്ങൾ എന്തെല്ലാമാണ് ;

(സി) തൊഴിൽ സാധ്യതയുള്ളതും കലാമൂല്യമുള്ളതുമായ സൃഷ്ടികൾക്ക് പ്രാപ്തി നൽകുന്നതുമായ വിവിധ കോഴ്സുകൾ അക്കാദമിയിൽ ആരംഭിക്കുമോ ;

(ഡി) കുട്ടികളുടെ സിനിമകൾ കൂടുതലായി നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) ചലച്ചിത്ര ടെലിവിഷൻ മാധ്യമ സംബന്ധമായ നയരൂപീകരണത്തിന് സംസ്ഥാന സർക്കാരിനെ സഹായിക്കുക, ഫിലിം ഫെസ്റ്റിവൽ ഡയറക്ടറേറ്റ് രൂപീകരിക്കുക, സംസ്ഥാന സർക്കാരിനുവേണ്ടി ചലച്ചിത്ര ടെലിവിഷൻ അവാർഡുകളുടെ നിർണ്ണയവും വിതരണവും എല്ലാ വർഷവും സംഘടിപ്പിക്കുക, ദേശീയ അന്തർദേശീയ ചലച്ചിത്ര മേളകൾ സംഘടിപ്പിക്കുക, ദൃശ്യ-ശ്രാവ്യ ലൈബ്രറി രൂപീകരിക്കുക, ഉന്നത നിലവാരമുള്ള ചലച്ചിത്ര ടെലിവിഷൻ സംരംഭങ്ങളെ സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക, ഫിലിം സൊസൈറ്റികളെ പ്രോത്സാഹിപ്പിക്കുക, സിനിമ

LIBRARY ARCHIVES Kerala Legislative Assembly